**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 215** **02-08-2021 - ൽ മറുപടിയ്ക്ക്**

**പരീക്ഷാ സമ്പ്രദായത്തിൽ ഉചിതമായ മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീമതി യു പ്രതിഭ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസമേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിന്റെ കരുത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ലോകോത്തരമാക്കുന്നതിന് പരിപാടിയുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.ആധുനിക ഡിജിറ്റൽ പശ്ചാത്തല സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി സമഗ്ര പോർട്ടൽ സജ്ജീകരിച്ച് നിരന്തരമായി പരിഷ്കരിച്ചുവരുന്നുണ്ട്. അധ്യാപകരെ ആധുനികമായ ബോധനതന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിനായി അധ്യാപക ശാക്തീകരണ പരിപാടി പരിഷ്കരിച്ചുവരുന്നു. പഠനത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ അക്കാദമിക പിന്തുണാ സംവിധാനം നടപ്പിലാക്കിവരുന്നു. |
| (ബി) | ഓരോ പഠിതാവിന്റെയും ശേഷിയും പ്രതിഭയും കണ്ടെത്തി വികസിപ്പിക്കുന്ന തരത്തിൽ വിദ്യാഭ്യാസരീതിയെ പരിവർത്തനം നടത്താനായിട്ടുണ്ടോ; | (ബി) | ഓരോ കുട്ടിയുടെയും കഴിവിനെയും അഭിരുചിയെയും കണ്ടെത്തി അതിനെ പൂർണ്ണതയിലെത്തിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം . അതിനായി ശക്തമായ 'മെന്ററിംഗ്' സംവിധാനം ആവശ്യമാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഓരോ കുട്ടിയേയും സവിശേഷമായി തന്നെ പരിഗണിച്ച് പഠന പിന്തുണ ഉറപ്പുവരുത്തുന്നതിന് 'സഹിതം' എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഓരോ കുട്ടികളുടെ സർവ്വ വിവരങ്ങളും അനുയോജ്യമായ മാർഗ്ഗത്തിലൂടെ ശേഖരിച്ച് സൂക്ഷിക്കുന്നതിന് 'സ്റ്റുഡന്റ് പ്രൊഫയലിംഗ് 'എന്ന സങ്കേതമാണ് ഉപയോഗിക്കുന്നത്. അത്തരം വിവരങ്ങൾ വിശകലനം ചെയ്ത് ഓരോ പഠിതാവിന്റെയും ശേഷിയും പ്രതിഭയും കണ്ടെത്തുകയും അത് വികസിപ്പിച്ച് ആവശ്യമായ പിന്തുണ ഉറപ്പാക്കുകയും ചെയ്യുന്നു. |
| (സി) | ഗ്രേഡ് നിർണയത്തിൽ പാഠപുസ്തകങ്ങളിലെ അറിവ് സ്വായത്തമാക്കിയത് പകർത്തുന്നതാണ് | (സി) | ഉണ്ട്. മൂല്യനിർണ്ണയം സമഗ്രവും നിരന്തരവും ആയി നടക്കേണ്ടതാണ് എന്നതാണ് കാഴ്ചപ്പാട്. ഈ |

| | | | |
|---|---|---|---|
| | പ്രധാനമെന്നതിനാൽ പരീക്ഷാസമ്പ്രദായത്തിൽ ഉചിതമായ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | | കാഴ്ചപ്പാട് സാർത്ഥകമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. 'എന്തറിയില്ല' എന്ന് പരിശോധിക്കുന്ന പഴയ പരീക്ഷ സമ്പ്രദായത്തിനുപകരം കുട്ടികൾക്ക് 'എന്തറിയാം' എന്ന് വിലയിരുത്താൻ കഴിയുന്ന തരത്തിലേക്ക് മൂല്യനിർണ്ണയത്തെ മാറ്റിക്കൊണ്ടിരിക്കുകയാണ്. അറിവിന്റെ വികാസം അനുനിമിഷം നടക്കുന്ന ഈ ലോകക്രമത്തിൽ പാഠപുസ്തകത്തിന് പുറത്തുള്ള സമൂഹ ചലനങ്ങളേയും പ്രകൃതിയിൽ നടക്കുന്ന മാറ്റങ്ങളെയും കുട്ടികൾ ഉൾക്കൊള്ളേണ്ടതുണ്ട്. അറിവ് സ്വായത്തമാക്കുക എന്നതാണ് പ്രാധാന്യം ഇതെല്ലാം ഉൾക്കൊണ്ടുകൊണ്ട് മൂല്യനിർണ്ണയ രീതിയിൽ പരിവർത്തനത്തിന് സഹായകമായ പഠനം, പാഠ്യപദ്ധതി സംബന്ധിച്ച ആലോചനകളുടെ ഭാഗമായി നടക്കുന്നുണ്ട്. കേരള കരിക്കുലം ചട്ടക്കൂട് 2007 തയ്യാറാക്കുന്ന ഘട്ടത്തിലും പഠനങ്ങൾ നടന്നിട്ടുണ്ട്. തുടർന്നും വിവിധ ഘട്ടങ്ങളിൽ എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ ഇത്തരം പഠനങ്ങൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ